**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1583** — **08-12-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ കുടുംബസഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ കുടുംബസഹായ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എൻ.എസ്.എ.പി. (നാഷണൽ സോഷ്യൽ അസ്സിസ്റ്റൻസ് പ്രോഗ്രാം) പോർട്ടലിൽ ഗുണഭോക്താക്കളുടെ വിവരം അപ്‌ലോഡ് ചെയ്യാൻ കഴിയാത്ത സാങ്കേതിക തടസ്സം നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കുമോ; | (എ) | **ദേശീയ കുടുംബ സഹായ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എൻ.എസ്.എ.പി. (നാഷണൽ സോഷ്യൽ അസ്സിസ്റ്റന്റ് പ്രോഗ്രാം )പോർട്ടലിൽ സാങ്കേതിക തടസ്സം മൂലം ഗുണഭോക്താക്കളുടെ വിവരം അപ് ലോഡ് ചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.** |
| (ബി) | കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതലാണ് കാലതാമസം നേരിട്ടതെന്നും എത്ര തുകയാണ് ലഭിക്കാനുള്ളതെന്നും വ്യക്തമാക്കുമോ;കുടിശ്ശിക ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 2020-21 സാമ്പത്തിക വർഷം വരെ അലോട്ട്മെന്റ് ലഭ്യമായിട്ടുണ്ട്. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ അലോട്ട്മെന്റ് ലഭ്യമായിട്ടില്ല. 14 ജില്ലകളിലുമായി 153,04,47,000/- രൂപ കുടിശ്ശിക ഇനത്തിൽ ലഭ്യമാകേണ്ടതുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ